**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2992** **03-08-2021 - ൽ മറുപടിയ്ക്ക്**

**വളർത്തു മൃഗങ്ങളോടുള്ള ക്രൂരത തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ ബോർഡ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ ഘടന അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 23/03/2018 ലെ GO (Ms) നം 8/2018 /AHD പ്രകാരം സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് പ്രവർത്തിച്ചിരുന്നു. ആയതിന്റെ കാലാവധി 22/03/2021 ന് അവസാനിച്ചു. ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വളർത്തുമൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന് സംസ്ഥാനത്ത് നിയമങ്ങൾ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ; മൃഗങ്ങളോട് ക്രൂരത കാണിക്കുന്ന സംഭവത്തിൽ കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാനുള്ള നടപടി കൈക്കൊള്ളുമോ; | (ബി) | മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര സർക്കാർ പുറത്തിറക്കിയ PCA Act 1960 പ്രകാരമാണ്. ആയതു പ്രകാരം പോലീസാണ് നിയമനടപടികൾ സ്വീകരിച്ചു വരുന്നത്. പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു. |
| (സി) | മൃഗങ്ങളെ കൊല്ലുന്നത് ശാസ്ത്രീയ മാർഗത്തിലൂടെ നടത്തുന്നതിന് സംസ്ഥാനത്തെ അറവുശാലകൾ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | 1996 ലെ കേരള പഞ്ചായത്ത് രാജ് കശാപ്പുശാലകളും ഇറച്ചികടകളും ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് അറവുശാലകൾ പ്രവർത്തിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണ്. ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട പ്രവത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ